ജില്ല	കടിശ്ശിക (രൂപ കോടിയിൽ)
തിരുവനന്തപുരം	11.83
കൊല്ലം	3.39
ആലപ്പുഴ	5.19
പത്തനംതിട്ട	3.06
കോട്ടയം	5.24
ഇടുക്കി	1.74
എറണാകുളം	12.51
തൃശ്ശൂർ	28.80
പാലക്കാട്	12.04
മലപ്പുറം	9.27
കോഴിക്കോട്	6.65
വയനാട്	1.00
കണ്ണൂർ	6.02
കാസർഗോഡ്	6.45
ആകെ	113.20 കോടി രൂപ

(ബി) വൈദ്യുത ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുത ബന്ധം വിച്ഛേദിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥ അനുവദിക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത്

17 (363) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ഡി.പി.ഡി.ആർ.പി. പദ്ധതി പ്രകാരം അങ്കമാലി, കറുകുറ്റി, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നല്കിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ് ;

(സി) കുറുകുറ്റി പഞ്ചായത്തിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കട്ടിംഗിനായി നിരത്ത് ഉടമകളായ പൊതുമരാമത്ത് വകുപ്പിന്റെയും ദേശീയപാത അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ആയതിന് അനുമതി ലഭ്യമായിട്ടുണ്ടോ ;

(ഡി) ഈ പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത് ; നടപടിക്രമങ്ങൾ എന്തെല്ലാമാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അങ്കമാലി, കുറുകുറ്റി, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം അങ്കമാലി, കുറുകുറ്റി, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 26-4-2011-ൽ ഭരണാനുമതി നൽകി.

(ബി) പദ്ധതിയുടെ ആകെ അടങ്കൽ തുക 207.96 കോടി രൂപയാണ്.

(സി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെയും പഞ്ചായത്തിന്റെയും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദേശീയപാത അതോറിറ്റിയുടെ അനുമതിക്കാവശ്യമായ ബാങ്ക് ഗ്യാരന്റികൾ, സമ്മതപത്രങ്ങൾ മുതലായവ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ഈ പ്രവൃത്തിയുടെ കരാർ കാലാവധി അവസാനിക്കുന്നത് 28-9-2015-ൽ ആണ്. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് സർവ്വേ ജോലികൾ നടത്തി, ഡ്രോയിംഗുകൾ തയ്യാറാക്കി, ബോർഡുമായി സംയുക്ത പരിശോധനകൾ നടത്തി അപ്രൂവൽ നൽകിയതിനുശേഷം അതതു റോഡുകളുടെ ഉടമകൾക്ക് റോഡ് കട്ടിംഗിന് അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ച് അവർ നിഷ്കർഷിക്കുന്ന തുകയടച്ച് അനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഇ) കുറുകുറ്റി പ്രദേശത്ത് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഡിസംബർ 2014-ൽ ആരംഭിച്ചു കഴിഞ്ഞു. അങ്കമാലി, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് ഉടമകൾക്ക് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ടി അനുമതി ലഭിക്കുന്ന മുറയ്ക്ക് കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കാവുന്നതാണ്. സെപ്റ്റംബർ 2015-ൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly